No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ

പ്രവേശന പപരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ പ്രവേശനം-2018

### ട്രയൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി/ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയുടെ ഭാഗമായുള്ള ട്രയൽ അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 27.06.2018 രാവിലെ 10 മണി വരെ ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ അലോട്ട്മെന്റ് യഥാർത്ഥ പ്രവേശനം ഉറപ്പ് വരുത്തുന്നില്ല. എന്നാൽ ഇത് ഒരു വിദ്യാർത്ഥിക്ക് പ്രവേശനം ലഭിക്കാനുള്ള കോഴ്സ്/കോളേജ് സാധ്യത മാത്രമാണ് സൂചിപ്പിക്കുന്നത്. ഈ സാധ്യതകൾ മനസ്സിലാക്കിയ ശേഷം വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനും, ഇതിനോടകം നൽകിയിട്ടുള്ള ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും **ജൂൺ 29-ാം തീയതി രാവിലെ 10 മണി** വരെ സമയം ലഭ്യമാണ്. ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴ്സ്-കോളേജ് കോമ്പിനേഷനുകളിലേയ്ക്ക് പിന്നീട് ഒരു ഘട്ടത്തിലും ഓപ്ഷനുകൾ നൽകാൻ അവസരമുണ്ടായിരിക്കുന്നതല്ല.

**കുറിപ്പ്:** ഓപ്ഷനുകൾ ക്ഷണിച്ചിരുന്ന കോളേജുകളിൽ അഞ്ച് മെഡിക്കൽ കോളേജുകളെയും [Govt. Medical College, Ernakulam (CMC), Azeezia Institute of Medical Science and Research, Kollam (AZC), Kannur Medical College, Kannur (KNC), Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram (SMC), SUT Academy of Medical Sciences, Vattappara, Thiruvananthapuram (SUC)] രണ്ട് ദന്തൽ കോളേജുകളെയും [Indira Gandhi Institute of Dental Sciences, Kothamangalam, Ernakulam (IGD), Kannur Dental College, Anjarakandy, Kannur (KAD)] രണ്ട് ആർക്കിടെക്ചർ കോളേജുകളെയും [Nizar Rahim and Mark School of Architecture, Kollam (NMR), Talent Institute of Architecture, Edappal, Malappuram (TIR)] ബന്ധപ്പെട്ട യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭ്യമായിട്ടില്ലാത്തതിനാലും കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള College of Agriculture, Ambalavayal, Wayanad (COW) എന്ന കോളേജിലേയ്ക്ക് അലോട്ട്മെന്റിന് സർക്കാർ ഉത്തരവ് ലഭിക്കാത്തതിനാലും ട്രയൽ അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ മതിയായ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇവയെ ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തുന്നതാണ്.

തിരുവനന്തപുരം
27.06.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**